# പരീക്ഷയിൽ ജയിക്കുമോ?

സമീർ വടുതല

**ജുനൈദുൽ** ബഗ്ദാദി, തന്റെ ശിഷ്യർക്കിടയിൽ നടത്തിയ ഒരു പരീക്ഷക്കഥ ഓർമ വരുന്നു. നിത്യവും ഉരുവിടുന്ന മതപാഠങ്ങൾ വിദ്യാർഥികളുടെ ഹൃദയഭാഷയായി മാറുന്നുണ്ടോ എന്നായിരുന്നു അദ്ദേഹത്തിന്റെ പരിശോധന. ഒരു ദിവസം എല്ലാവർക്കും ഓരോ കോഴിയും അറവുകത്തിയും നൽകി അധ്യാപകൻ പറഞ്ഞു: 'ആരും കാണാത്ത ഒരിടത്തു പോയി കോഴിയെ അറുത്തുവരണം.' അൽപനേരം കഴിഞ്ഞ് ഒരാളൊഴികെ എല്ലാവരും അറുത്ത കോഴികളുമായി ഹാജരായത്രെ. തന്റെ പ്രിയപ്പെട്ട ശിഷ്യൻ മാത്രം അറുക്കാത്ത കോഴിയുമായാണ് വന്നത്. അയാൾ പറഞ്ഞു: 'ഗുരോ! ആരും കാണാത്ത ഒരിടത്തെ പറ്റി ഞാനാലോചിച്ചു. പക്ഷേ, അത്തരം ഒരു സ്ഥലമുള്ളതായി കണ്ടെത്താനായില്ല. എല്ലായിടത്തും അല്ലാഹുവിന്റെ ദൃഷ്ടി എത്തുന്നുണ്ടല്ലോ.' അപ്പോൾ സംതൃപ്തിയാൽ ഗുരുവിന്റെ മുഖം വിടർന്നു.

### ജീവിതമാണ് പരീക്ഷ

ജീവിതമാരുടെയും 'ലീല'യല്ല, വിനോദമല്ല. അർഥമില്ലാത്ത അസംബന്ധ രചനയല്ല. മായയോ മായാജാലമോ അല്ല. ജീവിതം ജീവിതമാകാൻ ഇതൊന്നുമാകരുതെന്നാണ് ബുദ്ധിയുടെ വിധി. ഷേക്സ്പിയർ എഴുതിയതുപോലെ ഇവിടമൊരു നാടകവേദിയോ, നാം വിധിയുടെ കൈയിലെ വെറും കളിപ്പാവകളോ അല്ല. അതിനാൽ മെയ്സ്ഫീൽഡിനെപ്പോലെ നിരാശപ്പെടരുത്. ബഹളമുള്ള തെരുവിലെ നീണ്ട തലവേദനയായി ജീവിതത്തെ കാണരുത്. ആയുസ്സ് മുഴുവൻ വീട്ടിലെ പൂന്തോട്ടത്തിൽ ചുരുണ്ടുകൂടിയ എപിക്യൂറസ് പറഞ്ഞതുപോലെ ജീവിതത്തെ വെറുമൊരു സുഖഭോഗമാക്കുകയും ചെയ്യരുത്. എന്തെന്നാൽ, ജീവിതമാണ് പരീക്ഷ. ഭൂമിയാണ് പരീക്ഷാലയം. നാമോരോരുത്തരും പരീക്ഷയെഴുതുന്ന കുട്ടികൾ. പടച്ചവൻ പരീക്ഷകനും. മനുഷ്യരെ പരീക്ഷിക്കുന്നതിനായാണ് ദൈവം മരണത്തെയും ജീവിതത്തെയും നിർമിച്ചതെന്ന ഖുർആനിക പാഠം അതാണ് വെളിപ്പെടുത്തുന്നത് (*അൽമുൽക്* 2).

ജീവിതം പരീക്ഷയാകയാൽ ജീവിതത്തിനായി നൽകപ്പെട്ടതെന്തും പരീക്ഷണമാകാം. ഇങ്ങനെ ചിന്തിക്കുമ്പോൾ എല്ലാറ്റിലുമുണ്ട്, പരീക്ഷയുടെ ഒരു ഉള്ളടക്കം. പ്രകൃതിവിഭവങ്ങൾ, ആയുസ്സ്, ആരോഗ്യം, രോഗം, കഴിവുകൾ, കഴിവില്ലായ്മകൾ, ഇണകൾ, മക്കൾ, ബന്ധുക്കൾ, സുഹൃത്തുക്കൾ, സ്ഥാനപദവികൾ, സമ്പത്ത്, ദാരിദ്ര്യം, സമൂഹം, സമയം എന്നിങ്ങനെ എല്ലാ ലബ്ധികളും നാം ഉത്തരമെഴുതേണ്ട വിവിധങ്ങളായ ചോദ്യപേപ്പറുകൾ. ഈ യാഥാർഥ്യം തിരിച്ചറിയാതെ ജീവിതകാമനകളിൽ കെട്ടിമറിയുമ്പോഴാണ്, അനർഥങ്ങൾ നമ്മെ വലയം ചെയ്യുന്നത്. സുഖദുഃഖങ്ങളുടെ വേലിയേറ്റങ്ങളിൽ നിലതെറ്റുന്നവർ, ജീവിതം പരീക്ഷണമാണെന്ന സത്യം മറന്നുകളയുന്നു. ഒരു തിരുമൊഴിയിങ്ങനെ: 'ശരിയായ ദൈവബോധ്യമുള്ളവന്റെ ജീവിതം എത്ര അത്ഭുതമാണ്! അവന് സുഖമെങ്കിൽ ദൈവത്തോട് കൃതജ്ഞത. ദുഃഖമെങ്കിൽ ദൈവത്തെയോർത്ത് സംയമനം. രണ്ടായാലും അവന് ഗുണം മാത്രം" (മുസ്ലിം).

### പ്രവാചകന്മാർ

ദൈവനിർണിതമായ ഭൂമിയിലെ പരീക്ഷയിൽ ജയിക്കേണ്ടതെങ്ങനെയെന്ന് ജനങ്ങളെ പഠിപ്പിക്കാനെത്തിയവരാണ് പ്രവാചകന്മാർ. ദൈവം നേരിട്ട് തെരഞ്ഞെടുത്ത ഗുരുപരമ്പര. 'ഗുരു' എന്ന വാക്കിന് ഇരുട്ടിനെ നീക്കുന്നവൻ എന്നാണർഥം. സ്വന്തം ജനതയെ ഇരുളിൽനിന്ന് വെളിച്ചത്തിലേക്ക് നയിക്കാനായിരുന്നു ഓരോ നബിനിയോഗവും (*ഇബ്റാഹീം* 5). അവരിൽ ചിലരുടെ കൈയിൽ ഏടുകളും വേദങ്ങളുമുണ്ടായിരുന്നു. അവ മനുഷ്യർക്കായി നൽകപ്പെട്ട ടെക്സ്റ്റ് ബുക്കുകളായിരുന്നു. പ്രസ്തുത വേദങ്ങളുടെ ജീവിതതർജമയായിരുന്നു നബിമാർ ജനങ്ങൾക്ക് നൽകിയ യഥാർഥ സമ്പത്ത്.

### ധാർമികത

പ്രവാചകപാഠങ്ങളിൽ, ജീവിതവിജയത്തിന്റെ ഏകവഴി ധാർമികതയായിരുന്നു. അത് ജാഹിലിയ്യത്തുകൾ ചൊല്ലിപ്പഠിപ്പിച്ച തെറ്റായ പാഠങ്ങളുടെ ശക്തമായ തിരുത്തായിരുന്നു. ജയിക്കുന്നത്/ ജയിക്കേണ്ടത് കുലം, ദേശം, വംശം, വർണം, വർഗം, പണം, കൈയൂക്ക്, തറവാട്, അംഗബലം തുടങ്ങിയവയാണെന്നായിരുന്നു എക്കാലത്തും ജാഹിലിയ്യത്തുകൾ പ്രചരിപ്പിച്ചുപോന്നത്. ഈ പ്രചാരണങ്ങൾ മിഥ്യയാണെന്ന് പ്രവാചകപക്ഷം തെളിയിച്ചു. പട്ടിണിക്കോലങ്ങളും അംഗസംഖ്യ കുറഞ്ഞവരും ആയുധബലമില്ലാത്തവരും അടിച്ചമർത്തപ്പെട്ടവരുമായ മക്കയിലെ ധർമപക്ഷത്തെ ചൂണ്ടി ഖുർആൻ ഖുറൈശികളോട് പറഞ്ഞു: "നിശ്ചയം, ഇവരാകുന്നു വിജയികൾ. നാളെ സ്വർഗവും ഇവർക്കു സ്വന്തം" (*അൽമുഅ്മിനൂൻ* 1-11).

തങ്ങളുടെ അടിമപ്പാളയങ്ങളിൽ അടികൊണ്ട് പുളഞ്ഞിരുന്ന യാസിറുമാരും ബിലാലുമാരും ജേതാക്കളാകുമെന്ന പ്രവചനം അക്ഷരാർഥത്തിൽ അബൂജഹ്ലുമാരുടെയും ഉത്ബമാരുടെയും ഉറക്കം കെടുത്തി. അവരുടെ മിഥ്യയായ ആഭിജാത്യബോധത്തിൽ പതിച്ച ബോംബ് പോലെയായിരുന്നു അത്. അങ്ങനെയാണ്, സകലശക്തിയും സമാഹരിച്ച് സംഹാരമൂർത്തികൾ ബദ്റിലേക്ക് കുതിച്ചത്. എന്നാൽ ബദ്ർ, ഒരു തുടക്കമോ ഒടുക്കമോ അല്ലായിരുന്നു. ചിരന്തനമായ ദൈവികനടപടിക്രമത്തിന്റെ ആവർത്തനം മാത്രമായിരുന്നു. ധാർമികതയുടെ ആയുധമേന്തിയ സത്യപക്ഷത്തിന് ദൈവം പതിവുപോലെ അന്നും വിജയം നൽകി അനുഗ്രഹിച്ചു. മണ്ണിൽനിന്നും മനസ്സിൽനിന്നും

അധർമപക്ഷം പിഴുതെറിയപ്പെട്ടു.

### സാമൂഹികതലം

ചരിത്രത്തിൽ പ്രവാചകപക്ഷം നിലയുറപ്പിച്ച ധാർമികാടിത്തറകളിൽ സമകാല സാമൂഹികജീവിതത്തെ ചിട്ടപ്പെടുത്തലാണ് മുസ്‌ലിം ധർമം. അനശ്വരമായ ദൈവികമൂല്യങ്ങളുടെ ചിറകിലേറി പുതിയ ആകാശങ്ങളിലേക്ക് പറന്നുയരാനുള്ള കരുത്താർജിക്കലാണ് കാലോചിതമായ നമ്മുടെ കടമ. പക്ഷേ, ഈ വെല്ലുവിളിയുടെ മുമ്പിൽ ചിറകൊടിഞ്ഞു കിടക്കുകയാണ് സമുദായം. പൂർവജനതകളുടെ ജീവശക്തിയെ ചോർത്തിക്കളഞ്ഞ അതേ രോഗങ്ങൾ പൂർവാധികം ശക്തിയോടെ നമ്മെയും ആക്രമിച്ചുകൊണ്ടിരിക്കുന്നു. ആദർശമറവിയും മൂല്യരാഹിത്യവും കക്ഷിത്വവും കാപട്യവും ഭീരുത്വവും ഭൗതികാസക്തിയും അജ്ഞതകളും അകൃത്യങ്ങളും നമ്മെ കീഴടക്കുന്നതിന്റെ അടയാളങ്ങളാണ് ചുറ്റുപാടും കാണുന്നത്. ചിന്താപരമായ ജഡത്വവും പ്രവാചകൻ മുന്നറിയിപ്പ് നൽകിയ 'ദുർമേദസ്സും' കൂടപ്പിറപ്പുകളായുണ്ട്. ഈ പശ്ചാത്തലത്തിൽ കഴമ്പുള്ള ആത്മവിമർശനങ്ങളാണാവശ്യം. ഇഹത്തിലും പരത്തിലും സത്യത്തിന് സാക്ഷിനിൽക്കുന്ന സന്തുലിതസമാജം എന്ന ഇമേജ് വീണ്ടെടുക്കാനായിരിക്കണം പ്രഥമ പരിഗണന. അതുതന്നെയത്രെ നമ്മുടെ സാമൂഹികപരീക്ഷയും.

### ആയുധവത്കരണം

സത്യപാതയിൽ പൊരുതാൻ വേണ്ടിയും ആത്മരക്ഷക്കു വേണ്ടിയും ആയുധം കരുതണം. എന്നാൽ, ആയുധങ്ങളിൽ പ്രധാനം ധാർമികായുധങ്ങളത്രെ. സത്യപക്ഷത്തായിരിക്കെ ധാർമികായുധങ്ങളുപേക്ഷിച്ചവർ, ഭൗതികായുധങ്ങൾ കൊണ്ട് മാത്രം ജയിച്ച ചരിത്രമില്ല. എന്നാൽ, ഭൗതികായുധങ്ങളില്ലാതെയും ധർമപക്ഷം ജയിച്ചുകയറിയ അനുഭവങ്ങളുണ്ട്. ബദ്റിലേതുപോലെ, ദൈവം അവരോടൊപ്പമായതാണ് കാരണം. ഭൗതിക സൗകര്യങ്ങളും സന്നാഹങ്ങളുമാണ് വ്യക്തിക്കും സമൂഹത്തിനും വിജയാധാരമെന്ന വ്യാപകധാരണ തകർക്കപ്പെടേണ്ട ഒരു മിഥ്യയാണ്. എന്തെന്നാൽ, ദൈവശിക്ഷക്ക് വിധിക്കപ്പെട്ടവർക്കു പോലും ഒരു ഘട്ടം, ഭൗതികതുറസ്സുകൾ നൽകപ്പെടാമെന്നത് ഖുർആൻ നമുക്ക് നൽകുന്ന ഉൾക്കാഴ്ചയത്രെ: "അവർക്ക് നാം നൽകിയ ഉദ്ബോധനം അവർ മറന്നപ്പോൾ, സകല സൗഭാഗ്യങ്ങളുടെയും കവാടങ്ങൾ നാമവർക്ക് തുറന്നുകൊടുത്തു. അങ്ങനെ തങ്ങൾക്ക് നൽകപ്പെട്ടവയിൽ അവർ അതിരറ്റ് സന്തോഷിച്ചുകൊണ്ടിരിക്കെ പൊടുന്നനെ നാമവരെ പിടികൂടി. അപ്പോഴതാ അവർ നിരാശരായിത്തീരുന്നു. അക്രമികളായ ആ ജനത അങ്ങനെ നിശ്ശേഷം നശിപ്പിക്കപ്പെട്ടു. സർവലോക സംരക്ഷകനായ അല്ലാഹുവിന് സ്തുതി" (*അൽഅൻആം* 44,45).

### തോറ്റുപോയ കുട്ടികൾ

പരീക്ഷയിൽ തോറ്റുപോയവരെക്കുറിച്ച പാഠങ്ങൾ, ജയിക്കാനിറങ്ങിത്തിരിച്ചവർക്കുള്ള വിലപ്പെട്ട വെളിച്ചമായിത്തീരുന്നു. നൂഹിന്റെ ജനത മുതൽ എത്രയെത്ര നാഗരികതകൾ ഭൂമിയിൽ നാമാവശേഷമായി? കൊടുങ്കാറ്റുകളാലും വെള്ളപ്പൊക്കങ്ങളാലും ഭൂകമ്പങ്ങളാലും ശിലാവർഷങ്ങളാലും ഘോരശബ്ദങ്ങളാലും അവർ ദാരുണമായി തകർക്കപ്പെട്ടു. ഫറോവമാരുടെ സ്വേഛാധിപത്യവാഴ്ചകൾ ദൈവശിക്ഷയുടെ സംഹാരസാഗരത്തിൽ ശ്വാസംമുട്ടി ചത്തു. ഖാറൂന്മാരുടെ പണാധിപത്യ പൊങ്ങച്ചങ്ങളെ ഭൂമി വാപിളർന്ന് വിഴുങ്ങിക്കളഞ്ഞു. അബ്രഹത്തുമാരുടെ ആനപ്പടകൾ, ദൈവം ചുമതലപ്പെടുത്തിയ ചെറുപറവകൾ വർഷിച്ച ചുടു മൺകട്ടകളേറ്റ് പിടഞ്ഞൊടുങ്ങി. ഭൗതികലാഭത്തിന്റെ ചാകര കണ്ടപ്പോൾ കുരങ്ങുകളെപ്പോലെ ചാടിക്കളിച്ച ഇസ്രാഈല്യർ ഞെട്ടിക്കുന്ന ദൈവശിക്ഷയാൽ കുരങ്ങുകളായിത്തന്നെ രൂപാന്തരപ്പെട്ടു! ഇങ്ങനെ ചരിത്രത്തിൽ തോറ്റുപോയ കുട്ടികളെപ്പറ്റി ഖുർആൻ ഒരിടത്ത് പറയുന്നു: "എത്രയെത്ര ആരാമങ്ങളും അരുവികളുമാണവർ വിട്ടേച്ചുപോയത്? കൃഷിയിടങ്ങളും മാന്യമായ മണിമേടകളും! അവർ ആനന്ദത്തോടെ അനുഭവിച്ചുപോന്ന എന്തെല്ലാം സൗഭാഗ്യങ്ങൾ! അങ്ങനെയായിരുന്നു അവയുടെ ഒടുക്കം. അതൊക്കെയും നാം മറ്റൊരു ജനതക്ക് അവകാശപ്പെടുത്തിക്കൊടുത്തു. അപ്പോൾ അവർക്കു വേണ്ടി ആകാശമോ ഭൂമിയോ കരഞ്ഞില്ല. അവർക്കൊട്ടും അവസരം നൽകിയതുമില്ല" (*അദ്ദുഖാൻ* 25-29).

### വിജയത്തിന്റെ താക്കോലുകൾ

ചരിത്രത്തിൽ പ്രവാചകചേരിയെ വിജയിപ്പിച്ചുനിർത്തിയ ഘടകങ്ങളിൽ പ്രധാനം ചില മൂല്യങ്ങളിന്മേലുള്ള അവരുടെ അടിയുറപ്പായിരുന്നു. ദൈവികപരീക്ഷയിൽ വിജയിച്ച സംഘങ്ങൾക്ക് പൊതുവെ കാണപ്പെട്ട സിദ്ധികളാണവ. പ്രതിയോഗികൾക്കില്ലാതെ പോയതും ആ വജ്രായുധങ്ങളായിരുന്നു. പ്രതിസന്ധികളുടെ നിലയില്ലാക്കയങ്ങളിലേക്ക് എടുത്തെറിയപ്പെട്ടപ്പോഴും ജയത്തിന്റെ മറുകര പിടിക്കാൻ അവരെ പ്രാപ്തരാക്കിയത് സവിശേഷമായ ഈ 'ലൈഫ് ജാക്കറ്റുകൾ' തന്നെ. സർവോപരി, ദൈവിക ദയാവായ്പിന്റെ ഖജാനകൾ തുറക്കാനവർക്ക് കിട്ടിയ താക്കോലുകളായിരുന്നു ആ ഗുണങ്ങൾ. നിർഭാഗ്യമെന്നു പറയട്ടെ, ഇന്ന് നമുക്ക് കൈമോശം വന്നതും മറ്റൊന്നല്ല. ക്ഷമ (*സ്വബ്ർ*), സൂക്ഷ്മതാനിർഭരമായ ജീവിതം (*തഖ്‌വ*), ദൈവികപ്രതാപത്തിലും ശക്തിയിലുമുള്ള സമർപ്പണം (*തവക്കുൽ*) എന്നിവയായിരുന്നു അമൂല്യങ്ങളായ ആ താക്കോലുകൾ.

### സമാപനം

പരീക്ഷാഹാളിലിരിക്കുന്ന കുട്ടികൾ ഉറങ്ങാറില്ല. ബഹളം കൂട്ടാറില്ല. പുറംകാഴ്ചകളിൽ കണ്ണുനട്ട് സമയം പാഴാക്കാറുമില്ല. കിട്ടിയ നേരത്തിനുള്ളിൽ പരമാവധി സൂക്ഷ്മതയോടെ ഉത്തരമെഴുതിത്തീർക്കാനായിരിക്കും അവരുടെ ശ്രമം. എന്തെന്നാൽ, സമയത്തിന്റെ മഞ്ഞുമലകൾ ആരെയും കാത്തുനിൽക്കാതെ ഉരുകിത്തീരുകയാണെന്നവർക്കറിയാം. ഈ അറിവ് അസ്വസ്ഥതയായി മാറിയപ്പോൾ പഴയ ഒരു കുട്ടി- ഇമാം റാസി- ആഹാരം കഴിക്കാനെടുക്കുന്ന നേരം പോലും ജീവിതത്തിലൊരു നഷ്ടമാണല്ലോ എന്നോർത്ത് കരഞ്ഞുകൊണ്ടിരുന്നു.... ■